**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1169 — 1.7.2015-ൽ മറുപടിക്ക്

## താലൂക്ക് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) നിയമസഭാ മണ്ഡലങ്ങൾ പുന: സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ, അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും, അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ്, പുതുതായി താലൂക്കുകൾ ആരംഭിക്കുന്നത്. |
| (ബി) പത്ത് ഗ്രാമപഞ്ചായത്തുകളും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടുന്ന നെന്മാറ നിയോജക മണ്ഡലത്തിൽ പുതിയ താലൂക്ക് അനുവദിക്കാനാവശ്യമായ നടപടി സ്വീകിരിക്കുമോ; | (ബി) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) നിലവിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ